## APPENDIX H4

## നോട്ടീസ്

പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലിരിക്കെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധി കാലാവധി അവസാനിച്ച ശേഷവും അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ശ്രീ.അബ്ദുൽ ഹമീദ് ഇ കെ എന്ന താങ്കൾക്ക് വിദേശത്ത് ജോലി നോക്കുന്നതിനായി 22/12/2005 ലെ സ.ഉ.(സാധാ) 9642/2005/പൊഭവ നമ്പർ ഉത്തരവ് പ്രകാരം 5 വർഷത്തേക്ക് കെ.എസ്.ആർ. ഭാഗം 1 , അപ്പെൻ ഡിക്സ് XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതാണ്. 09/11/2010-ൽ അവധി അവസാനിച്ചുവെങ്കിലും താങ്കൾ നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിക്കുകയോ, രേഖാമൂലമുള്ള വിശദീകരണം ഈ വകുപ്പിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 05/11/2020-ലെ സ.ഉ.(പി). നം.152/2020/ധന ഉത്തരവ് ഖണ്ഡിക 1 (2) പ്രകാരം 2 0 വർഷം ശൂന്യവേതന അവധി എന്നുള്ളത് 5 വർഷമായി ചുരുക്കിയിട്ടുള്ളതിനാൽ, അവധികാലാവധി അവസാനിച്ച ശേഷവും ജോലിയിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നത് അതീവ ഗുരുതരമായ അച്ചടക്കലംഘനവും, കഠിനശിക്ഷക്കുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്ന പ്രവൃത്തിയുമാണ്. ആയതിനാൽ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-A, ചട്ടം 9 പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കാതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും അയച്ചിരുന്നു. കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും താങ്കൾ കൈപ്പറ്റിയിരുന്നുവെങ്കിലും പ്രതിവാദപത്രിക സമർപ്പിച്ചിരുന്നില്ല. കൂടാതെ നേരിൽ കേൾക്കുന്നതിനായി താങ്കൾക്ക് രണ്ട് തവണ നോട്ടീസ് നൽകിയെങ്കിലും താങ്കൾ അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരായിട്ടില്ല. തുടർന്ന് കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960, ചട്ടം 11 (1) (vii) പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം കൈക്കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് അയക്കുകയും ആയത് താങ്കൾ കൈപ്പറ്റുകയും മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 1 5 ദിവസത്തിനകം താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്കെതിരെ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. കുറ്റാരോപണ മെമ്മോയുടേയും കുറ്റാരോപണ പത്രികയുടേയും കാരണംകാണിക്കൽ നോട്ടീസിന്റേയും പകർപ്പുകൾ ആവശ്യമുണ്ടെങ്കിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ ഹാജരായോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തി ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാലാവധിയ്ക്ക് മുൻപായി പൊതുഭരണ (സർവ്വീസസ്- സി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-ന്റെ ഓഫീസിൽ നിന്നും താങ്കൾക്ക് രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

SHARJA BEEVI K
DEPUTY SECRETARY